പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി V
# (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2015-2016)

# FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2015-2016)

2015 ജൂൺ 8-ാം തീയതി സമർപ്പിച്ചത്
(Presented on 8th June, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**
**(2015-2016)**

**FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2015-2016)**

456/2015.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്,
പൊതുമരാമത്ത് വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. പി. മുഹമ്മദ്

ശ്രീ. കെ. മുരളീധരൻ

ശ്രീ. കെ. രാജു

ശ്രീ. സി. എഫ്. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

# അവതാരിക

2015-2016 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വിഷയനിർണ്ണയ സമിതി V (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2015 ഏപ്രിൽ മാസം 16, 27, മേയ് മാസം 5 എന്നീ തീയതികളിൽ സമിതി യോഗം ചേർന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇതു സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ IX —വാഹന നികുതികൾ

ധനാഭ്യർത്ഥന നമ്പർ XV —പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL —തുറമുഖങ്ങൾ

ധനാഭ്യർത്ഥന നമ്പർ XLI —ഗതാഗതം

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2015 മേയ് മാസം 5-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി V.*

തിരുവനന്തപുരം,
2015 മേയ് 5.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ IX—വാഹന നികുതികൾ

വോട്ട് ചെയ്തത് : 101,74,62,000 രൂപ

ചാർജ് ചെയ്തത് : 1,000 രൂപ

2041—വാഹന നികുതികൾ

2041-00-001-99—വാഹന നികുതികൾ—നടത്തിപ്പും ഭരണവും—ഭരണ ചെലവുകൾ

വിഹിതം : 61,54,06,000 രൂപ (നോൺ പ്ലാൻ)

1. ഭരണ ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 04(1) യാത്രാചെലവുകൾ—യാത്രാബത്ത എന്ന ഉപശീർഷകത്തിൽ 4 ലക്ഷം രൂപയും 05(3) ടെലിഫോൺ ചെലവിൽ 4 ലക്ഷം രൂപയും 05(4) മറ്റിനങ്ങളിൽ 15 ലക്ഷം രൂപയും 06(17) ചെറുകിട മരാമത്ത് പണികൾ എന്ന ഉപശീർഷകത്തിൽ 49 ലക്ഷം രൂപയും ഹെഡ്ക്വാർട്ടേഴ്സിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 21(2) മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഉപശീർഷകത്തിൽ 1 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-102-99—വാഹന നികുതികൾ—മോട്ടോർ വാഹനങ്ങളുടെ പരിശോധന

വിഹിതം : 40,02,56,000 രൂപ (നോൺ പ്ലാൻ)

2. മോട്ടോർ വാഹനങ്ങളുടെ പരിശോധനയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 04(1) യാത്രാചെലവുകൾ—യാത്രാബത്ത എന്ന ഉപശീർഷകത്തിൽ 1 ലക്ഷം രൂപയും 04(2) സ്ഥലംമാറ്റബത്ത എന്ന ഉപശീർഷകത്തിൽ 50,000 രൂപയും 06—വാടക, കരം, നികുതി എന്നീ ഇനത്തിൽ 20 ലക്ഷം രൂപയും 21(2) മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഉപശീർഷകത്തിൽ 23 ലക്ഷം രൂപയും 45—പി.ഒ.എൽ. ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

456/2015.

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

വോട്ട് ചെയ്തത് : 4773,95,46,000 രൂപ

ചാർജ് ചെയ്തത് : 31,15,01,000 രൂപ

2059—പൊതുമരാമത്ത്

2059-01-051—പൊതുമരാമത്ത്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം

വിഹിതം : 1,67,00,000 രൂപ (നോൺ പ്ലാൻ)

3. കേരള നിയമസഭ, നീതിന്യായനിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വില്പനനികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കും ഇൻവെസ്റ്റിഗേഷൻ വർക്കുകൾക്കുമുള്ള തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-01-053—പൊതുമരാമത്ത്—ഓഫീസ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 31,41,00,000 രൂപ (നോൺ പ്ലാൻ)

4. വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും സെക്രട്ടേറിയറ്റിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-60-051—പൊതുമരാമത്ത്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം

വിഹിതം : 6,11,50,000 രൂപ (നോൺ പ്ലാൻ)

5. വി.ഐ.പി. സന്ദർശനവും ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട ജോലികൾക്കും ആവശ്യം വരുന്ന തുകയും നീതിന്യായനിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള നിർമ്മാണത്തിനും ന്യൂഡൽഹിയിലെ കേരളാഹൗസിന്റെ പണികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-60-053—പൊതുമരാമത്ത്—മറ്റ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 122,48,50,000 രൂപ (നോൺ പ്ലാൻ)

6. നീതിന്യായനിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഇലക്ട്രിക്കൽ പണികൾക്കുള്ള ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-001-99(01)—പൊതുമരാമത്ത്—ജനറൽ—ഭരണവും നടത്തിപ്പും—നടത്തിപ്പ് (ചീഫ് എഞ്ചിനീയർ കെട്ടിടങ്ങളും ലോക്കൽ പണികളും)

വിഹിതം : 7,58,26,000 രൂപ (നോൺ പ്ലാൻ)

7. കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ടൂർ റ്റി.എ.യ്ക്ക് 2,00,000 രൂപയും ഓഫീസ് ചെലവുകളിൽ മറ്റിനത്തിൽ 1,50,000 രൂപയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 1,00,000 രൂപയും മറ്റിനങ്ങളിൽ 1 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-001-98—പൊതുമരാമത്ത്—ജനറൽ ഭരണവും നടത്തിപ്പും—മേൽനോട്ടം

വിഹിതം : 7,54,75,000 രൂപ (നോൺ പ്ലാൻ)

8. കെട്ടിട വിഭാഗത്തിലെ ജുഡീഷ്യൽ സർക്കിൾ എറണാകുളം ഉൾപ്പെടെ നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ശമ്പളം ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ടൂർ റ്റി.എ., പി.ഒ.എൽ. മറ്റ് ഇനങ്ങൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയിൽ അനുവദിച്ച തുക പര്യാപ്തമല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-053—പൊതുമരാമത്ത്—ജനറൽ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 21,23,00,000 രൂപ (നോൺ പ്ലാൻ)

9. കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം, രാജ്ഭവൻ സജ്ജീകരിക്കലും സംരക്ഷണവും തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, ന്യൂഡൽഹിയിലെ കേരളാഹൗസിന്റെ പണികൾ എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054—റോഡുകളും പാലങ്ങളും

3054-01-001-99—റോഡുകളും പാലങ്ങളും—നാഷണൽ ഹൈവേയ്സ്—ഭരണവും നടത്തിപ്പും—ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

വിഹിതം : 2,10,00,000 രൂപ (പ്ലാൻ)
3,76,08,000 രൂപ (നോൺ പ്ലാൻ)

10. ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. ഈ ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ 5 ലക്ഷം രൂപയും വേതനം, ഓഫീസ് ചെലവുകൾ എന്നിവയിൽ 11 ലക്ഷം രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റിൽ 4 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-01-001-98—റോഡുകളും പാലങ്ങളും നാഷണൽ ഹൈവേ—ഭരണവും നടത്തിപ്പും—മേൽനോട്ടവും നിർവ്വഹണവും

വിഹിതം : 54,07,74,000 രൂപ (നോൺ പ്ലാൻ)

11. ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, ഡിവിഷണൽ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ വാടകക്കരം ഇനത്തിൽ 10 ലക്ഷം രൂപയും സ്കോളർഷിപ്പുകളും

സ്റ്റൈപ്പന്റുകളും ഇനത്തിൽ 4.50 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ചാർജ്, ടെലിഫോൺ ചാർജ്, വെള്ളക്കരം എന്നിവയ്ക്ക് 25 ലക്ഷം രൂപയും പി.ഒ.എൽ.-ൽ 25 ലക്ഷം രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റിൽ 6.50 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-01-337-99—റോഡുകളും പാലങ്ങളും—നാഷണൽ ഹൈവേകൾ—റോഡുപണികൾ—സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ

വിഹിതം : ഇല്ല

12. ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കുവാനുള്ളതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-01-800-99—റോഡുകളും പാലങ്ങളും—നാഷണൽ ഹൈവേകൾ—മറ്റ് ചെലവുകൾ—മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

വിഹിതം : 25,00,000 രൂപ (നോൺ പ്ലാൻ)

13. പ്രസ്തുത ശീർഷകത്തിൽനിന്നും നിലവിൽ 100 ലക്ഷം രൂപയുടെ ബിൽ തുക കൊടുക്കാനുണ്ടെന്നും ധാരാളം അപകടങ്ങൾ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന ഹൈവേകളിൽ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈ ഭാഗത്ത് ആവശ്യമായി വരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-103-98—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും—സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ)

വിഹിതം : ഇല്ല

14. 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടേണ്ടതിനാലും പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനുവേണ്ടിയും ഈ ശീർഷകത്തിൽ 36.66 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-99—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—
സാധാരണ അറ്റകുറ്റപ്പണികൾ

വിഹിതം : 135,00,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)
20,00,000 രൂപ ചാർജ് ചെയ്തത് (നോൺ പ്ലാൻ)

15. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 265 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-98—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—
ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

വിഹിതം : 118,80,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)
4,00,000 രൂപ ചാർജ് ചെയ്തത് (നോൺ പ്ലാൻ)

16. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും 20% റോഡുകളുടെ ഉപരിതലം പുതുക്കൽ ജോലികൾ ഏറ്റെടുക്കാനുമായി ഇപ്പോൾ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 500 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-97—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—
ഗതാഗത സൗകര്യങ്ങളുടെ സ്പെഷ്യൽ അറ്റകുറ്റപ്പണികൾ

വിഹിതം : 50,00,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)
5,00,000 രൂപ ചാർജ് ചെയ്തത് (നോൺ പ്ലാൻ)

17. റോഡുകളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-96—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—വെള്ളപ്പൊക്കക്കെടുതികളുടെ അറ്റകുറ്റപ്പണികൾ

വിഹിതം : 18,70,00,000 രൂപ (നോൺ പ്ലാൻ)

18. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളിലെ വെള്ളപ്പൊക്കക്കെടുതികളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 300 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-95—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ

വിഹിതം : 4,00,00,000 രൂപ (നോൺ പ്ലാൻ)

19. വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-94—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക്

വിഹിതം : 4,29,00,000 രൂപ (നോൺ പ്ലാൻ)

20. തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 15.71 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-93—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—ശബരിമല വർക്കുകൾ

വിഹിതം : 10,00,00,000 രൂപ (നോൺ പ്ലാൻ)

21. ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-04-105-98—റോഡുകളും പാലങ്ങളും ജില്ലാതല റോഡുകളും മറ്റു റോഡുകളും—സംരക്ഷണവും അറ്റകുറ്റപ്പണികളും—സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ)

വിഹിതം : ഇല്ല

22. പ്രധാന ജില്ലാതല റോഡുകളുടെ അറ്റകുറ്റപ്പണികൾക്കു വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടുവാനുള്ള പ്രസ്തുത ശീർഷകത്തിൽ തുക ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. ഈ ശീർഷകത്തിൽ 48.36 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-99—റോഡുകളും പാലങ്ങളും ജനറൽ—ഭരണവും നടത്തിപ്പും—നടത്തിപ്പ്

വിഹിതം : 13,07,82,000 രൂപ (നോൺ പ്ലാൻ)

23. റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെയും കെ.എസ്.ടി.പി. ഓഫീസിലെ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. പ്രസ്തുത ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികൾക്ക് 1,00,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 25,000 രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-98—റോഡുകളും പാലങ്ങളും ജനറൽ—ഭരണവും നടത്തിപ്പും—മേൽനോട്ടം

വിഹിതം : 8,14,81,000 രൂപ (നോൺ പ്ലാൻ)

24. റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സർക്കിൾ ഓഫീസുകളിലെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 1,00,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 50,000 രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-97—റോഡുകളും പാലങ്ങളും ജനറൽ—ഭരണവും നടത്തിപ്പും—നിർവ്വഹണം

വിഹിതം : 172,17,45,000 രൂപ (നോൺ പ്ലാൻ)

25. റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. കൂടാതെ കെഎസ്ടിപി. ഡിവിഷൻ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഈ ശീർഷകത്തിലാണ് വഹിക്കുന്നത്. ഇതിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 10,00,000 രൂപയും വൈദ്യുതി ചെലവിന് 15,00,000 രൂപയും ടെലിഫോൺ ചെലവിന് 10,00,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 10,00,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 10,00,000 രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99—റോഡുകളും പാലങ്ങളും—ജനറൽ—ഗവേഷണവും പരിഷ്കരണവും—കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

വിഹിതം : 3,16,31,000 രൂപ (നോൺ പ്ലാൻ)

26. ചീഫ് എഞ്ചിനീയർ ബ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളവും ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ഇതിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 25,000 രൂപയും വൈദ്യുതി ചെലവിന് 50,000 രൂപയും ടെലിഫോൺ ചെലവിന് 25,000 രൂപയും പി.ഒ.എൽ. ഇനത്തിന് 50,000 രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-98—റോഡുകളും പാലങ്ങളും—ജനറൽ—ഗവേഷണവും പരിഷ്കരണവും—പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

വിഹിതം : 5,05,94,000 രൂപ (നോൺ പ്ലാൻ)

27. ചീഫ് എഞ്ചിനീയർ ബ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങൾക്ക് 40,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 40,000 രൂപയും ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-107-97—റോഡുകളും പാലങ്ങളും—ജനറൽ—റെയിൽവേ സുരക്ഷിതത്വ പണികൾ—കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

28. കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നൽകേണ്ട കുടിശ്ശിക തുക ഏകദേശം 5 കോടി രൂപയാണ്. നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-800-95—റോഡുകളും പാലങ്ങളും—ജനറൽ—മറ്റ് ചെലവുകൾ—റോഡ് സുരക്ഷിതത്വ പണികൾ

വിഹിതം : 3,52,00,000 രൂപ (പ്ലാൻ)

29. റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ലൈറ്റുകൾ, പാർശ്വചാലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ഈ ശീർഷകത്തിൽ 6.48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-800-92—റോഡുകളും പാലങ്ങളും—ജനറൽ—മറ്റ് ചെലവുകൾ—കേരള റോഡ് ഫണ്ട്

വിഹിതം : 178,30,65,000 രൂപ (നോൺ പ്ലാൻ)

30. കേരള റോഡ് ഫണ്ട് ബോർഡ് ആക്ട് പ്രകാരം മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%-ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ടിലേക്ക് സർക്കാർ സംഭാവന ഇനത്തിൽ നിക്ഷേപിക്കേണ്ടതാണ്. ഈയിനത്തിൽ നിലവിലുള്ള കുടിശ്ശിക തുക 461.77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059—പൊതുമരാമത്ത് മൂലധന ചെലവ്

4059-01-051-99—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സംസ്ഥാന നിയമസഭ

വിഹിതം : 35,77,000 രൂപ (പ്ലാൻ)

31. കേരള നിയമസഭയുടെ നവീകരണ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-96-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ഭൂനികുതി—വൻകിട മരാമത്തു പണികൾ

വിഹിതം : 1,40,00,000 രൂപ (പ്ലാൻ)

32. ഭൂനികുതി വകുപ്പിലെ പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-94-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം—സ്റ്റേറ്റ് എക്സൈസ്—വൻകിട മരാമത്തു പണികൾ

വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

33. എറണാകുളം എക്സൈസ് കോംപ്ലക്സ്, കൊട്ടാരക്കര എക്സൈസ് ഓഫീസ് കെട്ടിടം, കഴക്കൂട്ടം, നീലേശ്വരം ഓഫീസുകൾ ഉൾപ്പെടെയുള്ള പല മേജർ പണികളും പൂർത്തിയാക്കേണ്ടതുള്ളതിനാലും തൃശ്ശൂർ അക്കാഡമിയുടെ പണി പുരോഗമിക്കുന്നതിനാലും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-93-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—വിൽപ്പന നികുതി—വൻകിട മരാമത്തു പണികൾ

വിഹിതം : 15,00,000 രൂപ (പ്ലാൻ)

34. കണ്ണൂർ, മഞ്ചേശ്വരം, കോട്ടയം എന്നിവിടങ്ങളിൽ വാണിജ്യനികുതി വകുപ്പിന്റെ പുതിയ കെട്ടിടങ്ങളുടെ പണി ഏറ്റെടുക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-92-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പബ്ലിക് സർവ്വീസ് കമ്മീഷൻ—വൻകിട മരാമത്ത് പണികൾ

വിഹിതം : 80,00,000 രൂപ (പ്ലാൻ)

35. പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗതിയിലായതിനാലും കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണികൾ ഏറ്റെടുക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-91-16—പൊതുമരാമത്ത് മൂലധന ചെലവ് ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്—വൻകിട മരാമത്തുപണികൾ

വിഹിതം : 5,40,00,000 രൂപ (പ്ലാൻ)

36. സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-90-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ട്രഷറിയും അക്കൗണ്ട് ഭരണവും—വൻകിട മരാമത്ത് പണികൾ

വിഹിതം : 1,20,00,000 രൂപ (പ്ലാൻ)

37. ട്രഷറികളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-89-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പോലീസ്—വൻകിട മരാമത്തുപണികൾ

വിഹിതം : 6,00,000 രൂപ (പ്ലാൻ)

38. ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 25 ലക്ഷം രൂപ മതിപ്പുചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷന്റെ പണിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല ഓഫീസുകളുടെയും പണി ചെയ്യാനുള്ളതിനാലും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-88-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ജയിൽ—വൻകിട മരാമത്തുപണികൾ

വിഹിതം : 6,00,000 രൂപ (പ്ലാൻ)

39. ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. എന്നീ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം അനുവദിച്ച 6 ലക്ഷം രൂപ അപര്യാപ്തമാണ്. പ്രസ്തുത ഓഫീസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പല പണികളും ചെയ്യാനുള്ളതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-86-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പൊതുമരാമത്ത് പണികൾ (സിവിൽ ജോലികൾ)—വൻകിട മരാമത്ത് പണികൾ

വിഹിതം : 25,00,00,000 രൂപ (പ്ലാൻ)

40. സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-71-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിന്റെ കീഴിലുള്ള പദ്ധതികൾ—പൊതുമരാമത്ത് പണികൾ (കെട്ടിടങ്ങൾ)—വൻകിട മരാമത്തുപണികൾ

വിഹിതം : 5,00,00,000 രൂപ (നോൺ പ്ലാൻ)

41. മാന്ദ്യവിരുദ്ധ പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണെന്നും ഇതിൽ എല്ലാ വകുപ്പുകളിലേയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 45 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

4059-60-051-99-16—പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—സംസ്ഥാന നിയമസഭ—വൻകിട മരാമത്തുപണികൾ

വിഹിതം : ഇല്ല

42. സംസ്ഥാന നിയമസഭയിലെ പണികൾക്കായി അനുവദിച്ച ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. നിയമസഭാ ഹാളിനകത്തെ ശബ്ദനിയന്ത്രണ സംവിധാനത്തിന്റേത് ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ ചെലവ് വഹിക്കേണ്ട ശീർഷകമെന്ന നിലയിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-88-16—പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—ജയിൽ—വൻകിട മരാമത്തുപണികൾ

വിഹിതം : ഇല്ല

43 ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തിൽ തുക ഒന്നുംതന്നെ വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-86-16—പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—പൊതുമരാമത്ത് പണികൾ (സിവിൽ പണികൾ)—വൻകിട മരാമത്തുപണികൾ

വിഹിതം : ഇല്ല

44. സംസ്ഥാനത്ത് വിവിധ റസ്റ്റ് ഹൗസുകളുടേയും മറ്റുകെട്ടിടങ്ങളുടേയും പണികൾക്ക് നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ നടന്നുകൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-85-16—പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—അഗ്നിപ്രതിരോധവും നിയന്ത്രണവും—വൻകിട മരാമത്തുപണികൾ

വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

45. ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക പര്യാപ്തമല്ല. നടപ്പുപണികൾക്കും പുതിയ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-77-16—പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം—വൻകിട മരാമത്തുപണികൾ

വിഹിതം : 82,000 രൂപ (പ്ലാൻ)

46. നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-73—പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം—കോടതി കെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം (75% സിഎസ്എസ്)

വിഹിതം : 12,35,90,000 രൂപ (പ്ലാൻ)

47. 75% കേന്ദ്ര സഹായത്തിനുള്ള ഈ പുതിയ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. വിവിധ കോടതികളുടെ പണികൾ പുരോഗമിക്കുന്നതിനാൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-70—പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം—കേരള ഹൗസ്, ന്യൂഡൽഹി—ട്രാവൻകൂർ ഹൗസ് കോമ്പൗണ്ടിലും കപൂർത്തല പ്ലോട്ടിലും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം

വിഹിതം : ഇല്ല

48. ട്രാവൻകൂർ ഹൗസ് കോമ്പൗണ്ടിലും കപൂർത്തല പ്ലോട്ടിലും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-80-051-79—പൊതുമരാമത്ത് മൂലധന ചെലവ്—ജനറൽ—നിർമ്മാണം—ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം

വിഹിതം : 2,47,12,000 രൂപ (പ്ലാൻ)

49. ഭരണാനുമതി കൊടുത്ത പണികൾ ചെയ്തുതീർക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-80-051-78—പൊതുമരാമത്ത് മൂലധന ചെലവ്—ജനറൽ—നിർമ്മാണം—സൈനിക സ്കൂൾ

വിഹിതം : 82,00,000 രൂപ (നോൺ പ്ലാൻ)

50. സൈനിക സ്കൂളിനായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിനായി 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്

5054-01-337-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—നാഷണൽ ഹൈവേകൾ—റോഡുപണികൾ—നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കുന്നതിന്

വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

51. നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടേയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുറ്റിപ്പുറം-പുതുപൊന്നാനി റോഡ് താഴെ ചൊവ്വാഭാഗത്തെ വീതികൂട്ടൽ തുടങ്ങിയവയുടെ പണികൾ പുരോഗതിയിലായതിനാൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-01-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—നാഷണൽ ഹൈവേകൾ—റോഡുപണികൾ—ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം—വൻകിട മരാമത്തുപണികൾ

വിഹിതം : 5,76,61,000 രൂപ (പ്ലാൻ)

52. നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവനറോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ അനിവാര്യമായതിനാലും കരമന-കളിയിക്കാവിള ദേശീയ പാതയുടെ ഒന്നാംഘട്ടം കരമന-പ്രാവച്ചമ്പലം റോഡ് വികസനത്തിന് 74 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും ഈ ശീർഷകത്തിൽ 80 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-01-337-96—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—നാഷണൽ ഹൈവേകൾ—റോഡുപണികൾ—ദേശീയ പാതയിലെ ബൈപ്പാസുകളുടെ നിർമ്മാണം

വിഹിതം : 6,17,79,000 രൂപ (പ്ലാൻ)

53. നാഷണൽ ഹൈവേയിലെ ബൈപ്പാസുകളുടെ നിർമ്മാണം, കോഴിക്കോട് ബൈപ്പാസിന്റെ ബാക്കിഭാഗം, തലശ്ശേരി-മാഹി ബൈപ്പാസ്സ് തുടങ്ങിയവയ്ക്ക് തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 200 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-01-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—നാഷണൽ ഹൈവേകൾ—റോഡുപണികൾ—കൊല്ലം—ആലപ്പുഴ—ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ)

വിഹിതം : 1,00,000 രൂപ (പ്ലാൻ)

54. കൊല്ലം, ആലപ്പുഴ ദേശീയപാത ബൈപ്പാസ് പ്രവൃത്തി പുരോഗമിക്കുന്നുവെന്നും സംസ്ഥാന വിഹിതം നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-01-800-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—നാഷണൽ ഹൈവേകൾ—മറ്റ് ചെലവുകൾ—ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം

വിഹിതം : 6,58,38,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)
5,00,00,000 രൂപ ചാർജ് ചെയ്തത് (നോൺ പ്ലാൻ)

55. വിവിധ സ്ഥലങ്ങളിലെ റോഡുപണികൾക്കായി സ്ഥലം ഏറ്റെടുത്ത വകയിൽ (എൽ.എ.ആർ. കേസ്സ്) തുക നൽകാനുള്ളതിനാൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 18.42 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാന പാതകൾ—പാലങ്ങൾ—പാലങ്ങളും കലുങ്കുകളും—വൻകിട മരാമത്തുപണികൾ

വിഹിതം : 6,58,98,000 രൂപ (പ്ലാൻ)

56. സംസ്ഥാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക 20 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03- 101-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാന പാതകൾ—പാലങ്ങൾ നിയമസഭാമണ്ഡല ആസ്തിവികസന പദ്ധതി—വൻകിട മരാമത്തുപണികൾ

വിഹിതം : 27,00,00,000 രൂപ (നോൺ പ്ലാൻ)

57. നിയമസഭാ മണ്ഡല ആസ്തിവികസന പദ്ധതികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികളുടെ പൂർത്തീകരണത്തിനും പുതിയ ജോലികൾക്കുമായി ഈ ശീർഷകത്തിൽ 23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാന പാതകൾ—റോഡുപണികൾ—വികസനവും പരിഷ്കരണവും—വൻകിട മരാമത്തുപണികൾ

വിഹിതം : 20,59,31,000 രൂപ (പ്ലാൻ)

58. സംസ്ഥാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്കു തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുവാനുമായി 79.41 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാന പാതകൾ—റോഡുപണികൾ—കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (ലോകബാങ്ക് സഹായിക്കുന്നത്)

വിഹിതം : 382,00,00,000 രൂപ (പ്ലാൻ)

59. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ റോഡ് പണികൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. പ്രധാന ജോലികൾ പൂർത്തിയാക്കാനും മറ്റ് അനുബന്ധ ജോലികൾക്കുമായി 273.43 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാനപാതകൾ—റോഡുപണികൾ—ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

വിഹിതം : 2,47,12,000 രൂപ (പ്ലാൻ)

60. സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും ഉപരിതല പുനരുദ്ധാരണത്തിന് അധികതുക വേണ്ടിവരുമെന്നതിനാൽ ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 27.53 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികൾ—പ്രധാന ജില്ലാതല റോഡുകൾ—പാലങ്ങളും കലുങ്കുകളും—വൻകിട മരാമത്ത് പണികൾ

വിഹിതം : 12,35,58,000 രൂപ (പ്ലാൻ)

61. പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി 150 കോടി രൂപയാണ് ആവശ്യപ്പെട്ടതെങ്കിലും 12.36 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാണ്. 2014-15 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2015-16 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 137.64 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികൾ—മറ്റു ജില്ലാതല റോഡുകൾ—പാലങ്ങളും കലുങ്കുകളും—വൻകിട മരാമത്ത് പണികൾ

വിഹിതം : ഇല്ല

62. മറ്റു ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ ശീർഷകത്തിൽ നടപ്പുവർഷം തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-96-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികൾ—പാലങ്ങളുടെ നിർമ്മാണവും വികസനവും—നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ—വൻകിട മരാമത്തുപണികൾ

വിഹിതം : 63,42,67,000 രൂപ (പ്ലാൻ)

63. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. RIDF XV മുതൽ XX വരെയുള്ള പ്രവൃത്തികൾക്കും പുതിയ പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ 86.57 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-86—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികൾ—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ—പൊതുമരാമത്ത് പണികൾ (പാലങ്ങൾ)

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

64. പാലങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കുവാനും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി പ്ലാനിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-99-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—പ്രധാന ജില്ലാതല റോഡുകൾ—വികസനവും പരിഷ്കരണവും—വൻകിട മരാമത്തുപണികൾ</u>

വിഹിതം : 61,77,92,000 രൂപ (പ്ലാൻ)

65. പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കായി 300 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 61.78 കോടി രൂപയാണ് അനുവദിച്ചത്. 2014-15 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2015-16 വർഷം പുതിയ ഭരണാനുമതി നൽകാനുമായി ബാക്കി <u>238.22 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

5054-04-337-98—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—മറ്റു ജില്ലാതല റോഡുകൾ—പുതിയ പണികൾ</u>

വിഹിതം : ഇല്ല

66. നടപ്പുസാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി <u>10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

5054-04-337-97—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—മറ്റു ജില്ലാതല റോഡുകൾ—വികസനവും പരിഷ്കരണവും</u>

വിഹിതം : ഇല്ല

67. നടപ്പുസാമ്പത്തിക വർഷത്തേക്ക് തുകയൊന്നും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ കരാറുകാരുടെ കടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ <u>3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

5054-04-337-94-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—റോഡുകളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ—വൻകിട മരാമത്തുപണികൾ

വിഹിതം : 67,89,13,000 രൂപ (പ്ലാൻ)

68. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. RIDF XV മുതൽ XX വരെയുള്ള പണികളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതി നടത്തിപ്പിനും വേണ്ടി 232.11 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-93—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—തീരദേശ ഹൈവേ

വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

69. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ മുതൽ കോഴിക്കോട് വരെയുള്ള (പൊന്നാനി) തീരദേശ ഇടനാഴി വികസിപ്പിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-92—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—മലയോര ഹൈവേ

വിഹിതം : 9,06,10,000 രൂപ (പ്ലാൻ)

70. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2014-15 വർഷം ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാനായി 5.94 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-91-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം—വൻകിട മരാമത്തുപണികൾ

വിഹിതം : 3,29,49,000 രൂപ (പ്ലാൻ)

71. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം, പരിഷ്കരണം എന്നീ ജോലികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾക്കും പുതിയ ഭരണാനുമതി നൽകാനുമായി ഈ ശീർഷകത്തിൽ 1.71 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-89-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—ശബരിമല റോഡ് പ്രോജക്ട്—വൻകിട മരാമത്തുപണികൾ

വിഹിതം : 8,23,72,000 രൂപ (പ്ലാൻ)

72. ശബരിമലയുടെ സമഗ്രവികസനത്തിനുവേണ്ടിയുള്ള റോഡ് വികസന പണികൾക്കായി 50 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 8.24 കോടി രൂപ മാത്രമാണ് വകയിരുത്തിയത്. ബാക്കി തുകയായ 41.76 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-83—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ—പൊതുമരാമത്ത് പണികൾ (പാതകൾ)

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

73. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 1,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ പ്ലാൻ ഇനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—മാന്ദ്യവിരുദ്ധ ഉത്തേജകപാക്കേജിൻ കീഴിലുള്ള പദ്ധതികൾ—ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ

വിഹിതം : ഇല്ല

74. ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയായുള്ള അറ്റകുറ്റപ്പണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-05-101-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ—പാലങ്ങൾ—സി.ആർ.എഫ്. പാലങ്ങൾ (സാധാരണ വിഹിതം)

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

75. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-05-337-99 (01)—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്— സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ—റോഡു പണികൾ—പ്രധാന സംസ്ഥാനാന്തര റോഡുകൾ—സാമ്പത്തികമായോ സംസ്ഥാനാന്തരമായോ പ്രാധാന്യമുള്ള റോഡുകൾ (100% കേന്ദ്ര സഹായ പദ്ധതി)

വിഹിതം : ഇല്ല

76. കേന്ദ്ര സംസ്ഥാനാന്തര റോഡുകളുടെ പണികൾക്കായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-05-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ—റോഡുപണികൾ—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)—വൻകിട മരാമത്ത് പണികൾ

വിഹിതം : 52,64,00,000 രൂപ (പ്ലാൻ)

77. കേന്ദ്ര സഹായത്തോടുകൂടിയുള്ള വൻകിട മരാമത്ത് പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 85 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-190-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം—പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനുള്ള സഹായം

വിഹിതം : ഇല്ല

78. ഈ ശീർഷകത്തിൽ നിലവിൽ തുക വകയിരുത്തിയിട്ടില്ല എന്നാൽ കമ്പനിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന് 5 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

79. പൊതുമരാമത്ത് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും PRICE Software സ്ഥാപിക്കുന്നതിന് അധിക തുക ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—റെയിൽവേ സുരക്ഷിതത്വ പണികൾ

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

80. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2013-14 വർഷം ആവിഷ്കരിച്ച 40 പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-74—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—മേൽപ്പാലങ്ങളുടെ പൂർത്തീകരണം

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

81. മുടങ്ങിക്കിടക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കാനായും കുഞ്ഞിപ്പള്ളി, അങ്ങാടിപ്പുറം, എരൂർ, ഫറൂക്ക് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടന്നുവരുന്നതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 49 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-73—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—പുതിയ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

82. പുതിയ റെയിൽവേ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-71—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—കൊച്ചിയിൽ സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണം

വിഹിതം : 20,59,31,000 രൂപ (പ്ലാൻ)

83. കൊച്ചിയിൽ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു.

നിലവിലുള്ള 2 ലെയിൻ സീപോർട്ട്-എയർപോർട്ട് റോഡ് (കരിങ്ങാച്ചിറ മുതൽ കളമശ്ശേരി വരെ) നാലുവരിയാക്കുന്നതിന് 30 കോടി രൂപയും രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 48 കോടി രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 78 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-70—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—മുൻഗണനാ പ്രവൃത്തികൾ

വിഹിതം : 16,00,00,000 രൂപ (നോൺ പ്ലാൻ)

84. മുൻഗണന നൽകി പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പണികൾക്ക് വേണ്ടിയുള്ള ഈ ശീർഷകത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കാനായി 14 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-68—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—പി.പി.പി. (ആന്വിറ്റി) നടപ്പാക്കൽ—റോഡുസംരക്ഷണം

വിഹിതം : 17,00,00,000 രൂപ (പ്ലാൻ)

85. നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 20 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 17 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XL—തുറമുഖങ്ങൾ

വോട്ട് ചെയ്തത് : 165,89,64,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

3051—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും

3051-02-001-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ ഭരണവും നടത്തിപ്പും—പോർട്ട് ഡയറക്ടറേറ്റ്

വിഹിതം : 1,92,09,000 രൂപ (നോൺ പ്ലാൻ)

86. തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ മുതലായവയ്ക്കായി 213.76 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 192.09 ലക്ഷം രൂപയാണ് വകയിരുത്തിയത്. പുതുതായി

അനുവദിച്ച 02—വേജസ് എന്ന ശീർഷകത്തിൽ 3 ലക്ഷം രൂപയും 45—POL-ൽ ചെലവിന് 3 ലക്ഷം രൂപയും 05-4—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ നിത്യനിദാന ചെലവുകൾക്കായി 2 ലക്ഷം രൂപയും 34—അദർ ചാർജസ് എന്ന ഇനത്തിൽ 12 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-98—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

വിഹിതം : 25,87,34,000 രൂപ (നോൺ പ്ലാൻ)

87. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ് വിവിധ സർക്കിൾ/ഡിവിഷൻ/സബ്ഡിവിഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, യാത്രാബത്ത, കെട്ടിട നികുതി, അപ്രന്റീസ് ട്രെയിനികൾക്കുള്ള സ്റ്റൈപന്റ്, പാർട്ട്-ടൈം സ്വീപ്പർമാരുടെ വേതനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ് തുടങ്ങിയ ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 96,96,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-101-98—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—നിർമ്മാണവും അറ്റകുറ്റപ്പണികളും—തുറമുഖ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

വിഹിതം : 20,00,000 രൂപ (നോൺ പ്ലാൻ)

88. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ വകുപ്പ് എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങൾ, ഗോഡൗണുകൾ, വിളക്കുമരങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾക്കായി 57 ലക്ഷം രൂപ ആവശ്യപ്പെട്ടുവെങ്കിലും 20 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 57 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-102-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—തുറമുഖ കാര്യാന്വേഷണം—പോർട്ടാഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

വിഹിതം : 8,13,64,000 രൂപ (നോൺ പ്ലാൻ)

89. നീണ്ടകര, ആലപ്പുഴ, കോഴിക്കോട് പോർട്ടാഫീസർമാരുടെ ഓഫീസുകളിലെയും മറ്റ് സബ് ഓഫീസുകളിലെ ജീവനക്കാരുടെയും ടഗ്ഗുകൾ, ബാർജുകൾ, ക്രയിനുകൾ എന്നിവയിലെ ജീവനക്കാരുടെയും ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ,

ഓഫീസ് ചെലവുകൾ മുതലായവ ഇതിൽപ്പെടുന്നു. യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റു ചെലവുകൾ മുതലായവയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5051—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്

5051-02-200-83—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—അഴീക്കൽ തുറമുഖ വികസനം

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

90. തദ്ദേശീയവും വിദേശീയവുമായ ചരക്ക് കണ്ടെയ്നറിലുള്ളതും അല്ലാത്തതും കൈകാര്യം ചെയ്യുന്നതും എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്നതുമായ ഒരു തുറമുഖമായി അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതായും തുറമുഖ ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുക, സജ്ജമാക്കുക, ജീവനക്കാർക്ക് വസതി നിർമ്മിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ വാങ്ങുക, ട്രാൻസിറ്റ് ഷെഡ്, തുറമുഖ ഭൂമി പച്ചവിരിക്കുക, സുന്ദരമാക്കുക, വെയ് ബ്രിഡ്ജ്, ബോയകൾ, ചാനൽ അടയാളപ്പെടുത്തുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 750 HP ടഗ്ഗ് വാങ്ങുക എന്നിവയ്ക്കായും മണ്ണുമാന്തി വാങ്ങുന്നതിനും വേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5051-02-200-82—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—വിഴിഞ്ഞം കാർഗോ തുറമുഖം (പോർട്ട്)

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

91. സീവേർഡ് വാർഫ് 50 മീറ്റർ നീട്ടിപ്പണിയുക, ഓഫീസ് കെട്ടിടനിർമ്മാണവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക, ഐ.എസ്.പി.എസ്. കോഡ്, തുറമുഖ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും നടപ്പിലാക്കുക, ജീവനക്കാർക്ക് വസതികളും മറ്റു സൗകര്യങ്ങളും ഒരുക്കുക, വാർഫ് ബലപ്പെടുത്തുക, നിയമിക്കുക, ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിന് യന്ത്രങ്ങൾ വാങ്ങുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 16 കെ.വി.എ. ജനറേറ്റർ സെറ്റ്,

പൈലറ്റ് പട്രോൾ ബോട്ടുകൾ മുതലായവ വാങ്ങുക എന്നിവയ്ക്കായി 10 കോടി രൂപ നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയെങ്കിലും പ്രസ്തുത തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5051-02-200-80— തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്— ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—ആലപ്പുഴ തുറമുഖ വികസനം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

92 1.5 കോടി രൂപ ചെലവിൽ ഹയർ ഹൈറ്റിംഗ് ബോട്ട്, 6.5 കോടി രൂപ ചെലവിൽ ആംഫീബിയൻ ഡ്രെഡ്ജർ എന്നിവ നടപ്പുവർഷം വാങ്ങാനുള്ളതിനാൽ നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വിഴിഞ്ഞം കാർഗോ ഹാർബർ**

93 വിഴിഞ്ഞം കാർഗോ ഹാർബറിനായി 5051-02-200-78 എന്ന ശീർഷകം മുൻവർഷങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും ടി ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലും ടി ശീർഷകത്തിൽ തുകയൊന്നും വകയിരുത്താത്ത സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തുവെങ്കിലും പ്രസ്തുത തുക അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ടി ശീർഷകം തന്നെ ഒഴിവാക്കിയിരിക്കുകയാണ്. ആയതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ ടി ശീർഷകം ബഡ്ജറ്റിലുൾപ്പെടുത്തി കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 55,68,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5051-02-200-76—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്— ചെറുകിടതുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—തങ്കശ്ശേരി കാർഗോ ബർത്ത്

വിഹിതം : ഇല്ല

94. തങ്കശ്ശേരി കാർഗോ ബർത്തിനായുള്ള ഈ ശീർഷകത്തിൽ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കാനായി 40,63,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5051-02-200-72—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

95. കൊടുങ്ങല്ലൂർ മുനമ്പം തുറമുഖം എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തീരദേശ കപ്പൽ ഗതാഗതത്തിന് ഉതകുന്ന തുറമുഖമായി വികസിപ്പിക്കുന്നതിനാവശ്യമായ യന്ത്രങ്ങളും സാമഗ്രികളും വാങ്ങുക, ഓഫീസ് കെട്ടിടം നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ബോട്ട് റിപ്പയർ യാർഡ് സ്ഥാപിക്കുക, ചാനൽ മാർക്കിംഗ് ബോയ സ്ഥാപിക്കുക, തുറമുഖ ഭൂമി പച്ചവിരിക്കുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

വോട്ട് ചെയ്തത് : 1277,79,10,000 രൂപ

ചാർജ് ചെയ്തത് : 86,03,00,000 രൂപ

3053—സിവിൽ ഏവിയേഷൻ

3053-02-190-99—സിവിൽ ഏവിയേഷൻ—എയർപോർട്ടുകൾ—പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള സഹായധനം—കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

96. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഫണ്ട് സമാഹരിക്കുന്നതിന് 4-4-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 20/2012/ട്രാൻ. പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ചുവെന്നും ടി സൊസൈറ്റിയുടെ ദൈനംദിന ചെലവുകൾക്കായി അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ, ഷെയർ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ, ഔദ്യോഗിക വെബ്സൈറ്റ് മുതലായവ വികസിപ്പിച്ചതിലേക്കും താൽക്കാലിക വായ്പ തിരിച്ചടയ്ക്കുന്നതിലേക്കും നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3055—റോഡ് ഗതാഗതം

3055-00-800-95—റോഡ് ഗതാഗതം—മറ്റ് ചെലവുകൾ—കേരള റോഡ് സുരക്ഷ ഫണ്ടിലേക്ക് മാറ്റൽ

വിഹിതം : 86,00,00,000 രൂപ (നോൺ പ്ലാൻ)

97. 2015-16 സാമ്പത്തികവർഷത്തിൽ സംസ്ഥാന റോഡ് സുരക്ഷ അതോറിറ്റിക്ക് പദ്ധതി വിഹിതമായി ഈ ശീർഷകത്തിൽ 86 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ടി തുക അപര്യാപ്തമാണ്. 2015-16-ലേക്ക് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട പദ്ധതികൾക്കും കേരള റോഡ് സുരക്ഷാ ഓഫീസ് ചെലവുകൾക്കുമായി 100 കോടി രൂപ ചെലവ് വരുമെന്നും 17-10-2014-ൽ കൂടിയ 22-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ എല്ലാ ജില്ലകളിലും ട്രാഫിക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും കുട്ടികളിൽ ട്രാഫിക്, റോഡ് സുരക്ഷാ അവബോധം വളർത്തുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നതെന്നും 14 ജില്ലകളിലും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ ഉത്തരവാദിത്തത്തിലാണ് ട്രെയിനിംഗ് പാർക്കുകൾ നിർമ്മിക്കുന്നതെന്നും ഒരു ജില്ലയിൽ ഒരു കോടി രൂപാ ക്രമത്തിൽ 14 കോടി രൂപ ഈ ആവശ്യത്തിന് വേണ്ടിവരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 14 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056—ഉൾനാടൻ ജലഗതാഗതം

3056-00-001-99-01(4)—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—മാനേജ്മെന്റ്—ശമ്പളം (മെഡിക്കൽ റീഇംബേഴ്സ്മെന്റ്)

വിഹിതം : 72,000 രൂപ (നോൺ പ്ലാൻ)

98. ജീവനക്കാരുടെ മെഡിക്കൽ ബില്ലുകൾ മാറുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 8,28,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-01(4)—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—ഓപ്പറേഷൻ—ശമ്പളം (മെഡിക്കൽ റീഇംബേഴ്സ്മെന്റ്)

വിഹിതം : 3,92,000 രൂപ (നോൺ പ്ലാൻ)

99. 01(4) ശമ്പളം—മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായ സാഹചര്യത്തിൽ ജീവനക്കാർ നൽകിയ മുഴുവൻ മെഡിക്കൽ ബില്ലുകളും മാറുന്നതിനായി ഈ ശീർഷകത്തിൽ 7.08 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-34—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—ഓപ്പറേഷൻ—മറ്റ് ചെലവുകൾ

വിഹിതം : 12,00,000 രൂപ (നോൺ പ്ലാൻ)

100. സർവ്വീസ് ബോട്ടുകളിലുപയോഗിക്കുന്ന ഡീസലിന്റെ വില വർദ്ധനവുമൂലമുണ്ടാകുന്ന അധിക ചെലവ് നേരിടാനായി 4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-97-01 (4)—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—അറ്റകുറ്റപ്പണികളും സംരക്ഷണവും—ശമ്പളം (മെഡിക്കൽ റീഇംബേഴ്സ്മെന്റ്)

വിഹിതം : 66,000 രൂപ (നോൺ പ്ലാൻ)

101. ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 3,34,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-800-99(10)—ഉൾനാടൻ ജലഗതാഗതം—മറ്റുചെലവുകൾ—മറ്റുചെലവുകൾ (സംഭാവന)

വിഹിതം : 15,000 രൂപ (നോൺ പ്ലാൻ)

102. റിപ്പയർ ആന്റ് മെയിന്റനൻസ് ജീവനക്കാരുടെ ഇ.എസ്.ഐ. വിഹിതം അടയ്ക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 15,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3075—മറ്റ് ഗതാഗത സർവ്വീസുകൾ

3075-60-800-97—മറ്റ് ഗതാഗത സർവ്വീസുകൾ—മറ്റുള്ളവ—മറ്റുചെലവുകൾ—ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

വിഹിതം : 1,82,50,000 രൂപ (നോൺ പ്ലാൻ)

103. ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3075-60-800-96—മറ്റ് ഗതാഗത സർവ്വീസുകൾ—മറ്റുള്ളവ—മറ്റുചെലവുകൾ—കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

വിഹിതം : 50,000 രൂപ (പ്ലാൻ)

104. കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തയ്യാറെടുപ്പ് പ്രവൃത്തികളുടെ ഭാഗമായി മേൽപ്പാലങ്ങളുടെ നിർമ്മാണം, റോഡുകളുടെ വികസനം എന്നിവ നടപ്പിലാക്കുന്നതിനായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 96.53 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3075-60-800-90—മറ്റ് ഗതാഗത സർവ്വീസുകൾ—മറ്റുള്ളവ—മറ്റുചെലവുകൾ—സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാപഠനം

വിഹിതം : 1,00,000 രൂപ (പ്ലാൻ)

105. സംസ്ഥാനത്തെ സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാപഠനം നടത്തി വിശദമായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി എം.ആർ.വി.സി. സമർപ്പിച്ചിട്ടുണ്ടെന്നും ഈ പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി കേന്ദ്ര സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള 50:50 ഓഹരി പങ്കാളിത്തത്തോടെയുള്ള റെയിൽ ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റിൽ ഉൾപ്പെടുത്തി പദ്ധതി പരിഗണിക്കുന്നതിനായി റെയിൽ മന്ത്രാലയവുമായി കത്തിടപാടുകൾ നടന്നുവരികയാണെന്നും ഇതു സംബന്ധിച്ച് കേന്ദ്ര കേരള സർക്കാരുകൾ ഒപ്പുവയ്ക്കേണ്ട ഒരു കരട് ധാരണാപത്രം റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണെന്നും പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടർപഠനങ്ങളും സർവ്വേകൾ മുതലായവ നടത്തുന്നതിനും നിലവിൽ വിലയിരുത്തിയ തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 24 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5053—സിവിൽ ഏവിയേഷനുള്ള മൂലധന ചെലവ്

5053-02-190-97—സിവിൽ ഏവിയേഷനുള്ള മൂലധന ചെലവ്—എയർപോർട്ടുകൾ—പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 1,00,000 രൂപ (പ്ലാൻ)

106. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 254.07 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5053-02-190-93—സിവിൽ ഏവിയേഷനുള്ള മൂലധന ചെലവ്—എയർപോർട്ടുകൾ—പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കോഴിക്കോട് എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കൽ

വിഹിതം : 1,00,000 രൂപ (പ്ലാൻ)

107. 11-7-2013-ലെ ജി.ഒ. (ആർടി.) നമ്പർ 3163/14/ആർഡി. സർക്കാർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനായി 20 ഏക്കർ ഭൂമിയും 26-12-2014-ലെ ജി.ഒ. (ആർടി.) 6524/14/ആർഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 137 ഏക്കർ ഭൂമിയും നെഗോഷിയേഷൻ പ്രകാരം വാങ്ങുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെന്നും ഭൂവുടമകൾ സമ്മതപത്രം നൽകുന്ന പക്ഷം നഷ്ടപരിഹാരതുക നിർണ്ണയിച്ച് വിതരണം ചെയ്യേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 226,06,62,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5055—റോഡ് ഗതാഗതം സംബന്ധിച്ച മൂലധന ചെലവ്

5055-00-800-91—റോഡ് ഗതാഗതം സംബന്ധിച്ച മൂലധന ചെലവ്—മറ്റ് ചെലവുകൾ—റോഡ് സുരക്ഷാ ക്രമീകരണങ്ങൾ

വിഹിതം : 25,00,00,000 രൂപ (പ്ലാൻ)

108. ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിക്കൽ, ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തൽ, സ്പീഡ് ക്യാമറ സർവെയിലൻസ് സംവിധാനം, റോഡ് സുരക്ഷാ നടപടികൾ എന്നിവ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5056—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ്

5056-01-102-99—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ്—വർക്ക് ഷോപ്പ് സൗകര്യങ്ങൾ—ചെറിയ ഡ്രൈഡോക്ക് നിർമ്മാണം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

109. ഈ പദ്ധതിക്കുള്ള മതിപ്പ് ചെലവ് 20 കോടി രൂപയാണ്. നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്

5075-60-190-96—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്—മറ്റുള്ളവ—പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

വിഹിതം : ഇല്ല

110. കൊച്ചി മെട്രോയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി കേരള സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 262.23 കോടി രൂപ ആവശ്യമുണ്ടെന്നും ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 262.23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-190-95—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്—മറ്റുള്ളവ—പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിനുള്ള ഓഹരി മൂലധന അറ്റാദായം

വിഹിതം : 1,00,000 രൂപ (പ്ലാൻ)

111. തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതി ലൈറ്റ് മെട്രോ പദ്ധതി എന്നാക്കി മാറ്റിയിട്ടുണ്ടെന്നും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) ആണ് പദ്ധതിക്ക് നേതൃത്വം നൽകുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5075-95 എന്ന ശീർഷകം പദ്ധതി മാറ്റത്തിനനുസൃതമായി പുനർനാമകരണം ചെയ്യണമെന്നും സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള പണികൾക്കായി ഈ ശീർഷകത്തിൽ 250 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5075-60-800-83—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്—മറ്റുള്ളവ മറ്റ് ചെലവുകൾ—കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

വിഹിതം : 50,000 രൂപ (പ്ലാൻ)

112. കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നല്കിയപ്പോൾ ഏർപ്പെടുത്തിയ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന നികുതികൾ പൂർണ്ണമായും ഒഴിവാക്കുകയോ അല്ലെങ്കിൽ റീഇംബേഴ്സ് ചെയ്യുകയോ വേണമെന്നും കേന്ദ്ര നികുതികൾ അധിക കീഴ്കടം (Addl. Subordinate Debt) എന്ന നിലയിൽ കേന്ദ്ര സംസ്ഥാന

സർക്കാരുകൾ തുല്യമായി വഹിക്കേണ്ടതാണെന്നും സമിതി മുമ്പാകെ ധരിപ്പിച്ചു കൂടാതെ ഈ സാമ്പത്തിക വർഷം ടി ഇനങ്ങളിൽ 242.92 കോടി രൂപ കൊച്ചി മെട്രോ റെയിൽ പദ്ധതിക്കായി സംസ്ഥാന സർക്കാർ അനുവദിക്കേണ്ടതുണ്ടെന്നും കേന്ദ്ര സർക്കാർ നടപ്പുസാമ്പത്തികവർഷം വരെ 152.59 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെ തുല്യവിഹിതം വകയിരുത്തപ്പെട്ടില്ലായെന്നും സംസ്ഥാന നികുതികളുടെ വിഹിതമായി മറ്റൊരു 90.33 കോടി രൂപയെങ്കിലും വകയിരുത്തപ്പെടേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ നടപ്പുവർഷം 50,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ 242.915 കോടി രൂപ കൂടി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതി**

113. ആലപ്പുഴ കനാൽ ശുചീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുവേണ്ടി തുക വകയിരുത്തുന്നതിനായി പുതുതായി ആരംഭിച്ച 5075-60-800-81 എന്ന ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നും 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ ടി ശീർഷകം തന്നെ ഉൾപ്പെടുത്തിയിട്ടില്ലായെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ ടി ശീർഷകം ബഡ്ജറ്റിലുൾപ്പെടുത്തി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-800-70—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്—മറ്റുള്ളവ—മറ്റ് ചെലവുകൾ—സബർബൻ റെയിൽ പദ്ധതി

വിഹിതം : ഇല്ല

114. സബർബൻ റെയിൽ പദ്ധതിയുടെ സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 10.99 കോടി രൂപ MRVC-ക്ക് നൽകേണ്ടതിൽ മൂന്നാം ഗഡുവായ 5,49,52,369 രൂപ ഈ ശീർഷകത്തിൽനിന്നും നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നോഡൽ ഓഫീസിന്റെ പ്രവർത്തനച്ചെലവിനും പദ്ധതിയുടെ ചീഫ് കൺസൾട്ടന്റിന്റെ ശമ്പള ഇനത്തിലുമായി തുക വകയിരുത്തേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 64,12,552 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7053—സിവിൽ ഏവിയേഷനുള്ള വായ്പകൾ

7053-02-190-99—സിവിൽ ഏവിയേഷനുള്ള വായ്പകൾ—എയർപോർട്ടുകൾ—പൊതുമേഖലയും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

വിഹിതം : ഇല്ല

115. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനായി 18.53 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായും എൽ.എ.ആർ. കേസുകൾക്കും ഈ ശീർഷകത്തിൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 208.03 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7055—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ

7055-00-190-99—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ—പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള വായ്പകൾ—കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

വിഹിതം : 180,00,00,000 രൂപ (നോൺ പ്ലാൻ)

116. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായും പ്രതിമാസ വരുമാനവും ചെലവും തമ്മിലുള്ള അന്തരം 110 കോടി രൂപയാണെന്നും വരുമാനത്തിന്റെ ഭൂരിഭാഗവും ഡീസൽ വിലയിനത്തിലും വായ്പാ തിരിച്ചടവിനുമായാണ് വിനിയോഗിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ നവംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ തുക പൂർണ്ണമായി വിതരണം ചെയ്യാനും സാധിച്ചിട്ടില്ല. 2014 ഡിസംബർ മാസത്തെ പെൻഷനും വിതരണം ചെയ്തിട്ടില്ല. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി 22-12-2014-ന് വിളിച്ചുചേർത്ത യോഗത്തിൽ 2015 ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുമെന്നും ഇതിനായി പ്രതിമാസം 20 കോടി രൂപ കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കണമെന്നും പ്രസ്തുത തുകയ്ക്ക് തുല്യമായ നോൺ പ്ലാൻ വിഹിതമായി സർക്കാർ (ഒരു വർഷം പരമാവധി 240 കോടി രൂപ) നൽകണമെന്നും ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി സർക്കാർ ഈ തുക മാസംതോറും നൽകുമെന്നും തീരുമാനിക്കുകയുണ്ടായിയെന്നും ഇതിൻപ്രകാരം പെൻഷൻ ഫണ്ടിലുള്ള സർക്കാർ വിഹിതം ഒരു വർഷം 240 കോടി രൂപ ആവശ്യമാണെന്നും എന്നാൽ 2015-16 വർഷത്തെ ബഡ്ജറ്റിൽ ഈ ഇനത്തിൽ തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ലായെന്നും സമിതി

വിലയിരുത്തുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ 2015 ഏപ്രിൽ മാസം മുതൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് തുല്യമായ സർക്കാർ വിഹിതമായ 240 കോടി രൂപ (പ്രതിമാസം 20 കോടി) ഉൾപ്പെടെ, നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 370.84 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വി. കെ. ഇബ്രാഹിം കുഞ്ഞ്
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി V.*

തിരുവനന്തപുരം,
2015 മേയ് 5.